"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ് - സാമൂഹ്യനീതി വകുപ്പിനു കീഴിൽ കൊല്ലം ജില്ലയിൽ പ്രവർത്തിക്കുന്ന ട്രാൻസിറ്റ് ഹോമിലെ സെക്യൂരിറ്റി പേഴ്സണൽ തസ്തികയിലേയ്ക്കുള്ള പോലീസ് വകുപ്പിലെ ജീവനക്കാരുടെ അന്യത്രസേവന കാലാവധി ദീർഘിപ്പിച്ചു നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.68/2026/SJD തീയതി,തിരുവനന്തപുരം, 28-02-2026

---

പരാമർശം:-

1. 18.11.2022-ലെ സ. ഉ. (സാധാ) നമ്പർ. 248/2022/എസ്.ജെ.ഡി സർക്കാർ ഉത്തരവ്
2. 14.12.2023-ലെ സ. ഉ. (സാധാ) നമ്പർ. 240/2023/എസ്.ജെ.ഡി സർക്കാർ ഉത്തരവ്
3. 30.01.2025-ലെ സ. ഉ. (സാധാ) നമ്പർ. 26/2025/എസ്.ജെ.ഡി സർക്കാർ ഉത്തരവ്
4. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 27.10.2025-ലെ എസ്.ജെ.ഡി/3710/2023-ഇ 7 നമ്പർ കത്ത്
5. ഡയറക്ടർ ജനറൽ ഓഫ് പോലീസ്-കം-സ്റ്റേറ്റ് പോലീസ് ചീഫിന്റെ 31.10.2025, 20.12.2025 എന്നീ തീയതികളിലെ ഇ.1-166480/2023/പി.എച്ച്.ക്യൂ നമ്പർ കത്തുകൾ.

**ഉത്തരവ്**

സാമൂഹ്യനീതി വകുപ്പിനു കീഴിലുള്ള ട്രാൻസിറ്റ് ഹോമിലെ സെക്യൂരിറ്റി പേഴ്സണൽ തസ്തികയിലെ മൂന്ന് ഒഴിവിലേയ്ക്ക് പോലീസ് വകുപ്പിലെ സിവിൽ പോലീസ് ഓഫീസർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ.സുനിൽകുമാർ.പി. (സി.പി.ഒ : ആർ. 6947, പെൻ നമ്പർ : 634294, തൃശ്ശൂർ സിറ്റി), ശ്രീ.വിഷ്ണു.ജി.എസ് (പി.സി : 8133, പെൻ നമ്പർ : 820792, കെ.എ.പി. 3-ാം ബറ്റാലിയൻ), ശ്രീ.ജ്യോതിർമോയ്.എം. ആർ (പി.സി : 8188, പെൻ നമ്പർ : 823841, കെ.എ.പി 3-ാം ബറ്റാലിയൻ) എന്നീ ജീവനക്കാരെ അന്യത്രസേവന വ്യവസ്ഥയിൽ ഒരു വർഷത്തേയ്ക്ക് നിയമിച്ചു കൊണ്ട് പരാമർശം 1-പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ജീവനക്കാരുടെ അന്യത്രസേവന കാലാവധി പരാമർശം 2, 3 സർക്കാർ ഉത്തരവുകൾ പ്രകാരം ദീർഘിപ്പിച്ച് ഉത്തരവായിരുന്നു.

2. മേൽ ജീവനക്കാരുടെ അന്യത്രസേവന കാലാവധി ഒരു വർഷത്തേക്കുകൂടി ദീർഘിപ്പിച്ച് നൽകണമെന്ന സാമൂഹ്യനീതി ഡയറക്ടറുടെ പരാമർശം 4-ലെ പ്രൊപ്പോസൽ ശിപാർശ ചെയ്ത്

സ്റ്റേറ്റ് പോലീസ് ചീഫ് പരാമർശം 5-പ്രകാരം സർക്കാരിൽ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. പ്രസ്തുത ജീവനക്കാരുടെ സേവനം ഒരു വർഷത്തേക്കു കൂടി സാമൂഹ്യനീതി വകുപ്പിന് വിട്ടു നൽകുന്നതിന് തടസ്സമില്ലെന്ന് സ്റ്റേറ്റ് പോലീസ് ചീഫ് അറിയിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സാമൂഹ്യനീതി വകുപ്പിനു കീഴിൽ കൊല്ലം ജില്ലയിൽ പ്രവർത്തിക്കുന്ന ട്രാൻസിറ്റ് ഹോമിൽ പരാമർശം 1, 2, 3 എന്നീ സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ സെക്യൂരിറ്റി പേഴ്സണൽ തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന പോലീസ് വകുപ്പിൽ സിവിൽ പോലീസ് ഓഫീസർ തസ്തികയിലുള്ള ശ്രീ. സുനിൽകുമാർ. പി. (സി.പി.ഒ : ആർ. 6947, പെൻ നമ്പർ : 634294, തൃശ്ശൂർ സിറ്റി), ശ്രീ. വിഷ്ണു. ജി. എസ്. (പി.സി : 8133, പെൻ നമ്പർ : 820792, കെ.എ.പി. 3-ാം ബറ്റാലിയൻ), ശ്രീ. ജ്യോതിർമോയ്. എം. ആർ. (പി.സി : 8188, പെൻ നമ്പർ: 823841, കെ.എ.പി 3-ാം ബറ്റാലിയൻ) എന്നീ ജീവനക്കാരുടെ അന്യത്രസേവന കാലാവധി നിലവിലുള്ള അന്യത്രസേവന വ്യവസ്ഥകൾക്കു വിധേയമായി 01.01.2026 മുതൽ ഒരു വർഷത്തേക്കുകൂടി ദീർഘിപ്പിച്ചു നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUSAN LOPEZ
ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, വികാസ്ഭവൻ, തിരുവനന്തപുരം
സംസ്ഥാന പോലീസ് മേധാവി, പോലീസ് ആസ്ഥാന കാര്യാലയം,
വഴുതക്കാട്, തിരുവനന്തപുരം
മാനേജർ, ട്രാൻസിറ്റ് ഹോം, സാമൂഹ്യനീതി വകുപ്പ്, കൊട്ടിയം, കൊല്ലം
ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (സംസ്ഥാന പോലീസ് വകുപ്പ് മേധാവി മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ/ ഓഡിറ്റ് ), കേരളം,
തിരുവനന്തപുരം
ആഭ്യന്തര വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ് ആന്റ് ന്യൂ മീഡിയ ഡിവിഷൻ,
വിവര പൊതുജന സമ്പർക്ക വകുപ്പ്,
(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഓഫീസ് പകർപ്പ് / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Vipin S D
Date: 02-03-2026 09:57:53
സെക്ഷൻ ഓഫീസർ